ജുവലറി ഉടമയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ ക്രൈം 143/2000-ാം നമ്പരായി എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തു. 4-3-2000-ൽ രാത്രി 9.00 മണിക്കുശേഷവും 6-3-2000 രാവിലെ 8.00 മണിക്കകവുമുള്ള സമയത്താണ് മോഷണം നടത്തിയിട്ടുള്ളത് എന്നും മൂന്ന് കോടി എൺപത്തിരണ്ട് ലക്ഷത്തി അൻപതിനായിരം രൂപ വിലവരുന്ന സ്വർണ്ണാഭരണങ്ങളും ഒരു ലക്ഷത്തി മുപ്പതിനായിരം രൂപയുമുൾപ്പെടെ മൂന്ന് കോടി എൺപത്തിമൂന്ന് ലക്ഷത്തി എൺപതിനായിരം രൂപയുടെ മുതലാണ് മോഷ്ടിക്കപ്പെട്ടിട്ടുള്ളതായിട്ട് ജോസഫ് അറിയിച്ചത്. ഭിത്തി തുരന്ന് പ്രധാന മുറിയിൽ കയറിയതിന് ശേഷം strong room-ലേക്ക് മറ്റൊരു ഭിത്തി തുരന്ന് പ്രവേശിച്ചാണ് മോഷണം നടത്തിയതെന്ന് ജോസഫ് പറഞ്ഞു. വിരലടയാള വിദഗ്ദ്ധരും ഫോറൻസിക് വിദഗ്ദ്ധരും വിശദമായ പരിശോധന നടത്തി തെളിവുകൾ ശേഖരിച്ച് നടത്തിയ കുറ്റാന്വേഷണത്തിൽ പുറത്തുനിന്ന് ആരും തന്നെ ജുവലറിയിൽ കടന്ന് മോഷണം നടത്തിയതായി കണ്ടെത്താൻ കഴിഞ്ഞില്ല. ഇതിന്റെ വെളിച്ചത്തിൽ ജുവലറി ഉടമയെ പോലീസിന് ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ വിശദമായി ചോദ്യം ചെയ്തു. ജുവലറിയിലുണ്ടായിരുന്ന രണ്ട് കിലോ 200 ഗ്രാം സ്വർണ്ണം എടുത്തുമാറ്റി വീട്ടിൽ സൂക്ഷിച്ചശേഷം ഇത്തരമൊരു മോഷണത്തിന്റെ കഥ കെട്ടിച്ചമച്ചതാണെന്നും കടയുടെ പേരിൽ എടുത്തിട്ടുള്ള നാല് കോടി രൂപയുടെ ഇൻഷ്വറൻസിന്റെ നഷ്ടപരിഹാരത്തുക തട്ടിയെടുക്കുക എന്നതാണ് ഇതിനുപിന്നിലെ ലക്ഷ്യമെന്നും മനസ്സിലായി. തുടർന്ന് വീട്ടിൽ സൂക്ഷിച്ചിരുന്ന 2 കിലോ 200 ഗ്രാം സ്വർണ്ണം പോലീസ് കണ്ടെടുക്കുകയും ജുവലറി ഉടമ ജോസഫിനെ 8-3-2000-ന് അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുകയും കോടതി അയാളെ റിമാന്റ് ചെയ്യുകയുമുണ്ടായി. സ്വർണ്ണവും പണവുമായി നാല് കോടി രൂപയോളം കൊള്ളയടിക്കപ്പെട്ടുവെന്ന വാർത്തയുണ്ടാക്കി ജനങ്ങളിലാകെ ഭയാശങ്കയുണ്ടാക്കിയ ഒരു സംഭവമായിരുന്നു ഇവിടെ 6-3-2000-ൽ നടന്നത്. രണ്ട് ദിവസം കൊണ്ട് തെളിയിക്കാൻ കഴിഞ്ഞുവെന്നുള്ളത് പ്രശംസനീയമാണ്. ശാസ്ത്രീയ മാർഗ്ഗങ്ങളുപയോഗിച്ചുകൊണ്ട് തെളിവുകൾ സ്വീകരിക്കാനും കാലതാമസം കൂടാതെ തൊണ്ടിയും പ്രതിയേയും പിടികൂടാനുമാവശ്യമായ എല്ലാ നടപടികളും ഇക്കാര്യത്തിൽ പോലീസ് സ്വീകരിച്ചിട്ടുണ്ട്. കേസന്വേഷണം ത്വരിതപ്പെടുത്തി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ : കേസ് തെളിയിച്ച പോലീസിന് എന്തെങ്കിലും കൊടുക്കണ്ടേ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : ഇതു കഴിയട്ടെ.

(6) കാരാക്കുറിശ്ശി, തച്ചമ്പാറ പഞ്ചായത്തുകളിലെ കൃഷിനാശം സംഭവിച്ച കൃഷിക്കാർക്ക് നഷ്ടപരിഹാരം

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : സർ, 1999 മേയ് മാസമുണ്ടായ ചുഴലിക്കാറ്റിൽ ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിലെ കാരാക്കുറിശ്ശി, തച്ചമ്പാറ പഞ്ചായത്തുകളിൽ കൃഷിനാശം സംഭവിച്ചിട്ടുണ്ട്. ഇതിന് നഷ്ടപരിഹാരം ലഭിക്കുന്നതിനുവേണ്ടി കൃഷിഭവനിൽ അപേക്ഷ കൊടുത്തിരുന്ന കൃഷിക്കാരോട് ജൂൺ അഞ്ചിന് ശേഷമുണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയുകയില്ല എന്നാണ് ഉത്തരവാദപ്പെട്ടവർ മറുപടി നൽകിയത്. മേയ് അഞ്ചിന് ഉണ്ടായ നാശനഷ്ടങ്ങൾക്ക് ഗവൺമെന്റിന്റെ പ്രത്യേക ഉത്തരവ് വാങ്ങണമെന്നും പറയുകയുണ്ടായി. കാലവർഷം നേരത്തെ വന്നതിന്റെ പേരിൽ കൃഷിക്കാർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നിഷേധിക്കുന്ന അവസ്ഥയുണ്ടാകരുത്. അവർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) : സർ, 5-5-1999-ന് ചുഴലിക്കാറ്റിൽ കുറെ നാശനഷ്ടമുണ്ടായി. കാരാക്കുറിശ്ശി പഞ്ചായത്തിൽ വാഴ, മരച്ചീനി, കുരുമുളക്, തെങ്ങ്, കമുക്, റബ്ബർ എന്നിവയും തച്ചമ്പാറ പഞ്ചായത്തിൽ വാഴയും റബ്ബറുമൊക്കെയാണ് പ്രധാനമായും നശിച്ചത്. ആറ് ലക്ഷത്തോളം രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുള്ളതായിട്ടാണ് അറിയുന്നത്. ഈ സംഭവം കൃഷി വകുപ്പിനെ അറിയിച്ച് കൃഷി വകുപ്പുമായി ഈ പ്രശ്നം പരിഹരിക്കാനുള്ള ശ്രമം നടത്തുകയായിരുന്നു. കളക്ടർ ഈ വിവരം അറിഞ്ഞില്ല. കഴിഞ്ഞ ആഴ്ച ഡി.ഡി.സി.യിൽ ബഹുമാനപ്പെട്ട എം.എൽ.എ. ഈ വിഷയം ഉന്നയിക്കുമ്പോഴാണ് ഈ വിഷയംതന്നെ അറിയുന്നത്. അല്ലെങ്കിൽ രണ്ട് ആഴ്ചയ്ക്കുള്ളിൽതന്നെ ഇതിന്റെ നടപടികൾ പൂർത്തിയാക്കി നാശനഷ്ടത്തിന് സാമ്പത്തിക സഹായം നൽകുമായിരുന്നു. സമയാസമയങ്ങളിൽ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിനെ അറിയിച്ച് ആവശ്യമായ നടപടികളെടുക്കുന്നതിൽ വന്ന വീഴ്ചകൊണ്ടാണ് ഇത് സംഭവിച്ചത്. ഇപ്പോൾ സബ്മിഷൻ കിട്ടിയപ്പോൾ ഉടൻതന്നെ യഥാർത്ഥസ്ഥിതി മനസ്സിലാക്കുകയും അന്ന് അപേക്ഷ കൊടുത്തിട്ടുള്ളത് പരിശോധിക്കുകയും ചെയ്തു. മുഴുവൻ അപേക്ഷകളും തിരിച്ചു വാങ്ങി അതിന്റെ നടപടികൾ പൂർത്തിയാക്കാനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. ഒരാഴ്ചയ്ക്കുള്ളിൽ ഇതിനാവശ്യമായ സാമ്പത്തിക സഹായം നൽകുന്നതാണ്.

(7) ചാലക്കുടി പട്ടയവിതരണ യൂണിറ്റ് തൃശ്ശൂരിൽ നിലനിർത്തണമെന്ന ആവശ്യം

ശ്രീ. സി. എൻ. ജയദേവൻ : സർ, തൃശ്ശൂർ ജില്ലയിൽ ഏറ്റവും കൂടുതൽ വനഭൂമിക്ക് പട്ടയം വിതരണം ചെയ്യാനുള്ളത് പീച്ചി റെയ്ഞ്ചിലാണ്. പട്ടയ വിതരണത്തിനാവശ്യമായിട്ടുള്ള സ്പെഷ്യൽ തഹസീൽദാർ ഓഫീസ് തുറന്നിരിക്കുന്നത് തൃശ്ശൂർ ജില്ലയിലെ തെക്കെ അറ്റമായ ചാലക്കുടിയിലും പ്രത്യേകിച്ച് പ്രധാന ധ്യാനകേന്ദ്രമായ പോട്ടയുടെ അടുത്തുമാണ്. തൃശ്ശൂർ ജില്ലയിലെ റവന്യൂ വകുപ്പിന്റെ ഉന്നതൻമാരായ ഉദ്യോഗസ്ഥൻമാരുടെ പിടിപ്പുകേടും ഒരു തരത്തിലുള്ള ഗൂഢാലോചനയുടെ ഭാഗവുമായിട്ടാണ് ഈ ഓഫീസ് ജില്ലയുടെ തെക്കെ അറ്റത്ത് കൊണ്ടുപോയി സ്ഥാപിച്ചത്. അത് മാറ്റുന്നതിനുവേണ്ടി കഴിഞ്ഞ ആറ് മാസമായി ബന്ധപ്പെട്ട റവന്യൂ വകുപ്പ് ഉദ്യോഗസ്ഥൻമാരേയും മറ്റ് അധികാരികളേയും ഈ വിഷയം അറിയിച്ചിട്ടുണ്ട്. ആ ഓഫീസ് മാറ്റുന്നതിനാവശ്യമായ യാതൊരു നടപടിയും ഇതുവരെ കൈക്കൊണ്ടിട്ടില്ല. അതുകൊണ്ട് ഈ ഓഫീസ് കഴിയുന്നതും പീച്ചി റെയ്ഞ്ചിന്റെ മേഖലയിൽ, അതല്ലെങ്കിൽ തൃശ്ശൂരിലെങ്കിലും സ്ഥാപിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly